Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-വല്ലച്ചിറ ഗ്രാമപഞ്ചായത്ത്-തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ നിയമാനുസൃതമല്ലാത്ത തീരുമാനം -കേരള പഞ്ചായത്ത് രാജ് ആക്ട് 191(4) പ്രകാരം വല്ലച്ചിറ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 50/2015, 73/2015-ാം,നമ്പർ തീരുമാനങ്ങൾ സസ്പെന്റ് ചെയ്തുകൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു ഓംബുഡ്സ്മാന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 3458 /15/തസ്വഭവ തീയതി, തിരുവനന്തപുരം 21.11.15

---

പരാമർശം:-
1) വല്ലച്ചിറ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 9.2.15-ലെയും 28.2.15-ലെയും 50/2015, 73/2015 നമ്പർ തീരുമാനങ്ങൾ.
2) വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7.315-ലെ ജെ 1457/14 നമ്പർ കത്ത്.
3) തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.7.15-ലെ ജി2/4078/15 നമ്പർ കത്ത്.

## ഉത്തരവ്

വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ആറാട്ട്പുഴ വില്ലേജിലെ സർവ്വെ 479/3- ൽ ഉൾപ്പെട്ട സ്ഥലത്ത് വാട്ടർ പ്ലാന്റ് നിർമ്മാണത്തിനുള്ള അനുമതി ശ്രീമതി. ബിന്ദു ജയരാജൻ എന്നവർക്ക് നൽകിയിട്ടുള്ളതായും ടി നിർമ്മാണ യൂണിറ്റിനെതിരായി പരാതി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ 9.2.15-ലെയും 28.2.15-ലെയും 50/2015, 73/2015 നമ്പർ തീരുമാനങ്ങൾ പ്രകാരം പെർമിറ്റ് റദ്ദ് ചെയ്യുവാൻ വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളതായും ടി തീരുമാനങ്ങൾക്കെതിരെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിയോജിച്ചിട്ടുള്ളതായും ടി തീരുമാനങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നും പരാമർശം (2) പ്രകാരം വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

2. പരാമർശ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിടവും കിണറും പൂർത്തിയായതായും ജല വിഭവ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ ടി നിർമ്മാണ യൂണിറ്റിന് എൻ ഒ സി നല്കിയിട്ടുള്ളതായും ചട്ട പ്രകാരം പെർമിറ്റ് അനുവദിച്ച സാഹചര്യത്തിൽ പെർമിറ്റ് റദ്ദ് ചെയ്യേണ്ട ആവശ്യം നിലവിൽ ഇല്ലായെന്നും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട്

191(1),191(4) കളിൽ അനുശാസിക്കുന്ന നടപടി അനിവാര്യമാണെന്ന് കണ്ടെത്തി.

4.. മേൽ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് വല്ലച്ചിറ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 9.2.15-ലെ 50/2015, നമ്പർ തീരുമാനവും, 28.2.15-ലെ 73/2015 നമ്പർ തീരുമാനവും താല്ക്കാലിമായി സസ്പെന്റ് ചെയ്യും പരാമർശം (1) പ്രകാരമുള്ള പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിൻമേൽ ഉപദേശം നൽകുന്നതിനായി പ്രസ്തുത തീരുമാനങ്ങൾ സെക്ഷൻ 191(2) പ്രകാരം ബഹു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ
സെക്രട്ടറി, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ